## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1595

14.07.2016 - ൽ
മറുപടി നൽകേണ്ടിയിരുന്നത്

### കയർ ഉത്പന്നങ്ങൾക്ക് വിദേശ വിപണികണ്ടെത്തുന്നതിനാവശ്യമായ ശ്രമങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി വർദ്ധിപ്പിക്കുവാൻ കയർ ബോർഡ് ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിലേയ്ക്കായുള്ള കയർ ബോർഡിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) നിലവിലെ വിപണിയെ കുറിച്ച് പഠനവും സർവ്വേയും നടത്താറുണ്ട്.<br>2) അന്താരാഷ്ട്ര സെമിനാറുകൾ, കോൺഫറൻസുകൾ, അന്താരാഷ്ട്ര മേളകൾ എന്നിവയിൽ പങ്കെടുക്കാറുണ്ട്.<br>3) അന്താരാഷ്ട്ര തലത്തിൽ കയറും കയറുൽപ്പന്നങ്ങളുടെയും പരസ്യ പ്രചരണം നടത്തുക.<br>4) കയറ്റുമതിക്കാർക്കും വ്യവസായ സംരംഭകർക്കും മേളകളിൽ പങ്കെടുക്കുന്നതിനായി എക്സ്റ്റേണൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് നൽകി വരുന്നു.<br>5) രാജ്യത്തിനകത്ത് വിവിധ അന്താരാഷ്ട്ര മേളകൾ, വർക്ക്ഷോപ്പുകൾ, മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു.<br>6) കയർ വ്യവസായത്തിലെ മികവുറ്റ പ്രവർത്തനം കാഴ്ചവച്ചവർക്കായി കയർ വ്യവസായ അവാർഡ് നൽകുന്നു. |

| | |
|---|---|
| | |
| (ബി) ഈ അനുകൂല സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ സഹകരണം കൂടി ഉറപ്പുവരുത്തി സംസ്ഥാനത്തെ കയർ ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനാവശ്യമായ ശ്രമങ്ങൾ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ടോ; | (ബി) പരിശ്രമിക്കുന്നതാണ്. |
| (സി) ഈ രംഗത്ത് ഏതെല്ലാം തരത്തിലുള്ള ആധുനികവത്കരണമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) അടിമുടി ആധുനീകരണത്തിലൂടെ മാത്രമേ കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ കഴിയൂ. വ്യവസായത്തിന്റെ വ്യത്യസ്ത മേഖലകളിൽ ആധുനീകരണം നടപ്പിലാക്കുന്നതിനുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇൻസെന്റീവും എല്ലാം ഏർപ്പെടുത്താൻ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ആധുനീകരണത്തിന് അനുഗുണമായ നയ തീരുമാനങ്ങളും കൈക്കൊള്ളുന്നതാണ്. |
| (ഡി) ജിയോ ടെക്സ്റ്റൽസിന്റെ വ്യാപനത്തിനും ഈ രംഗത്ത് സ്റ്റാർട്ട് അപ്പ് വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ കയർ ഭൂവസ്ത്രം നിർമ്മിക്കുന്നതിനായി ഫാക്ടറിയിൽ സംവിധാനമുണ്ട്. ടി ഫാക്ടറിയിൽ തയ്യാറാക്കിയെടുക്കുന്ന കയർ ഭൂവസ്ത്രം വളരെ നല്ല രീതിയിൽ തന്നെ കേരളത്തിനകത്തും ഇതര സംസ്ഥാനങ്ങളിലും വിറ്റഴിക്കുന്നുണ്ട്. തോടുകൾ, കനാലുകൾ, നീർത്തടങ്ങൾ ഇടങ്ങിയവയുടെ തിട്ടകൾ സംരക്ഷിക്കുക, മണ്ണൊലിപ്പ് തടയുക, റോഡുകളുടെ നിർമ്മാണം എന്നീ ജോലികൾക്കായി ഫോമിൽ കയർ ഭൂവസ്ത്രം വളരെയധികം ഉപയോഗിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികളിൽ (എം.എൻ.ആർ.ഇ.ജി.പി) ഉൾപ്പെടുത്തി തണ്ണീർത്തട സംരക്ഷണ ജോലികളിൽ കേരളത്തിനകത്ത് വിവിധ പഞ്ചായത്തുകൾ, ബ്ലോക്കുകൾ, മുനിസിപ്പാലിറ്റികൾ തുടങ്ങിയവയുടെ സഹകരണത്തോടെ നിരവധി പദ്ധതികൾ ഫോമിൽ-ഉം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നടപ്പിലാക്കികൊണ്ടിരിക്കുന്നു<br><br>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ |

| | |
|---|---|
| | പഞ്ചായത്തുതലത്തിൽ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ജില്ലാ തലത്തിലും, ബ്ലോക്ക് അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, എൻജിനീയർമാർ, ജെ.പി.സി മാർ എന്നിവരെ ഉൾക്കൊള്ളിച്ച് സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നുണ്ട്. ദേശീയ തലത്തിൽ ഡിസ്ട്രിബ്യൂഷൻ ശൃംഖല വിപുലീകരിച്ച് ജിയോടെക്സ്റ്റൈൽസിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ രംഗത്ത് പുതിയ സ്റ്റാർട്ട്അപ്പ്, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഫോമിലിന്റെ ഭാഗത്ത് നിന്ന് നടപടികളൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ